തകൾ പരിഗണിച്ച് കോഴ്സുകൾ ഡിസൈൻ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനി ഏകദേശം 186 പുതിയ കോഴ്സുകൾ അനുവദിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിരിക്കുകയാണ്. അതിന്റെ സാമ്പത്തിക സഹായം അവർ നൽകും. കേരളത്തിന്റെ പ്രത്യേകത പരിഗണിച്ച് റെലവന്റായിട്ടുള്ള കോഴ്സുകൾ തുടങ്ങുന്നതിന് പ്രത്യേകമായ ശ്രദ്ധ വയ്ക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഇതുവരെയുണ്ടായിരുന്ന പരാധീനതകൾ മാറ്റി സ്ഥിരം അധ്യാപകരെ നിയമിക്കാനും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് ശക്തിപ്പെടുത്താനും സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : കുട്ടികളുടെ പരീക്ഷപേപ്പറിന്റെ മൂല്യ നിർണ്ണയത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അതിന്റെ റിസൾട്ട് പറയാൻ പറ്റുമോ?

ശ്രീ. പി.ജെ. ജോസഫ് : പ്ലസ് ടു-വുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നല്ല റിസൾട്ടുതന്നെയാണ് ലഭിക്കുന്നത്, തൃപ്തികരമായ റിസൾട്ടാണ്. താരതമ്യേന മാർക്ക് കുറഞ്ഞ കുട്ടികളാണ് ഇവിടെ വരുന്നത്. കൂടുതൽ സമയം അവർ പഠിക്കുന്നുണ്ട്. അധ്യയന സമയം കൂടുതൽ വിനിയോഗിക്കുന്നുണ്ട്. അതുകൊണ്ട് റിസൾട്ട് താരതമ്യേന മെച്ചമായിട്ടുണ്ടെന്ന് പറയാൻ കഴിയും.

V. അറിയിപ്പ്

സഹസ്രാബ്ദ സന്ദേശം

മി. സ്പീക്കർ : കേരള നിയമസഭയുടെ ഈ നൂറ്റാണ്ടിലേയും ഈ സഹസ്രാബ്ദത്തിലേയും അവസാന ദിന സമ്മേളനമാണ് ഇന്ന് നടക്കുന്നത്. നിയമസഭയുടെ അടുത്ത സമ്മളനം അടുത്ത നൂറ്റാണ്ടിലും അടുത്ത സഹസ്രാബ്ദത്തിലുമായിരിക്കും നടക്കുക. ആ നിലയ്ക്ക് ഇന്നത്തെ സമ്മേളനത്തിന് ചരിത്രപരമായ പ്രാധാന്യം പത്താം കേരള നിയമസഭയ്ക്ക് അവകാശപ്പെട്ടതാണ്.

നൂറ്റിപതിനൊന്നു വർഷത്തെ നിയമനിർമ്മാണ പ്രവർത്തനങ്ങളിലൂടെ തിളക്കമാർന്നതും അഭിമാനകരവുമായ മഹനീയ പാരമ്പര്യമാണ് കേരള നിയമസഭയ്ക്കുള്ളത്. നാമനിർദ്ദേശം ചെയ്യപ്പെട്ട എട്ടംഗങ്ങളോടെ 1888-ൽ നിലവിൽവന്ന തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലാണ് ഇന്നത്തെ കേരള നിയമസഭയുടെ ആദ്യരൂപം. 1888-ന് ശേഷം നടപ്പിൽ വരുത്തിയ ഓരോ പരിഷ്ക്കാരവും ഭരണത്തിൽ ജനപങ്കാളിത്തം എന്ന ആശയത്തിന് തത്വത്തിലും പ്രയോഗത്തിലും ഗുണപരമായ മാനം നൽകിപ്പോന്നു. ലെജിസ്ലേറ്റീവ് കൗൺസിലിന്റെ സംഖ്യാബലത്തിലും അനൗദ്യോഗികാംഗങ്ങളുടെ എണ്ണത്തിലും വന്ന വർദ്ധന, അംഗങ്ങൾക്ക് കൂടുതൽ അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചത്, വ്യവസ്ഥകളോടെയെങ്കിലും വോട്ടവകാശം ലഭ്യമാക്കിയതും പിന്നീട് പ്രായപൂർത്തി വോട്ടവകാശം അംഗീകരിക്കപ്പെട്ടതും ബഡ്ജറ്റ് ചർച്ച ചെയ്യാനും വോട്ടു ചെയ്യാനുമുള്ള അവകാശം നൽകപ്പെട്ടത്, നിയമനിർമ്മാണ സഭയ്ക്ക് കൂടുതൽ അധികാരങ്ങളും പദവിയും കൈവരുത്തിയത്-ഇങ്ങനെ നിരവധിയാണ് നിയമനിർമ്മാണ സഭകളുടെ വികാസ ഘട്ടങ്ങൾ. 1957-ലെ പൊതു തെരഞ്ഞെടുപ്പിനെത്തുടർന്ന് നിലവിൽവന്ന ഒന്നാം കേരള നിയമസഭ, ജനാധിപത്യ ചരിത്രത്തിലെ നാഴികക്കല്ലാണ്, എല്ലാ അർത്ഥത്തിലും പഴയതിൽ നിന്നുള്ള കുതിച്ചുചാട്ടമാണ്. ഈ മാറ്റങ്ങളുടെയെല്ലാം അടിസ്ഥാനം ജനകീയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് കാലാകാലങ്ങളിൽ നടന്ന ജനകീ

LIBRARY ARCHIVES Kerala Legislative Assembly

യപ്രക്ഷോഭങ്ങൾ ആയിരുന്നു. അവ നിയമസഭാ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും പുതിയ ദിശാബോധവും നൽകി. നിയമസഭ അംഗീകരിച്ച ഭൂപരിഷ്ക്കരണ നിയമങ്ങൾ ഉൾപ്പെടെയുള്ള പുരോഗമന നിയമങ്ങൾ കേരളത്തിന്റെ സാമ്പത്തിക-സാമൂഹ്യഘടനയിൽ വിപ്ലവകരമായ വ്യതിയാനങ്ങൾക്ക് വഴിയൊരുക്കി. ഒരു നൂറ്റാണ്ടിലധികം ദൈർഘ്യമേറിയ കഴിഞ്ഞ കാലയളവിൽ നമ്മുടെ നിയമസഭയെ നയിച്ച എല്ലാ മഹാരഥൻമാരേയും, നിയമസഭകളെ സമ്പന്നവും സമ്പുഷ്ടവുമാക്കിയ എല്ലാ മഹത്വ്യക്തികളേയും ഇത്തരുണത്തിൽ ആദരപൂർവ്വം സ്മരിക്കുന്നു. കേരളത്തിലെ ജനാധിപത്യ ഭരണവ്യവസ്ഥയുടെ അടിത്തറയും ചാലകശക്തിയും ഇന്ന് ഗ്രാമപഞ്ചായത്തുകളും ഗ്രാമസഭകളുമാണ്. ജനങ്ങളിലാണ് അധികാരം. കഴിഞ്ഞ കാലങ്ങളിലെ ജനാധിപത്യം പ്രാതിനിധ്യ ജനാധിപത്യമായിരുന്നുവെങ്കിൽ ഇന്നത് പ്രത്യക്ഷ ജനാധിപത്യമായി മാറി. ക്രമാനുഗതമായ ഈ വളർച്ച പാർലമെന്ററി ജനാധിപത്യ ചരിത്രത്തിലെ ഉജ്ജ്വലമായ ഇതിഹാസമാണ്. ജനാധിപത്യ ഭരണവ്യവസ്ഥയ്ക്ക് കേരളത്തിന്റെ മികവുറ്റ സംഭാവനയാണ് ഐക്യമുന്നണി ഭരണം. കേന്ദ്രത്തിലും ഇന്ന് ഐക്യമുന്നണി ഭരണം ചിരപ്രതിഷ്ഠ നേടുകയാണ്. സഭാവേദികളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളുടെ ജനകീയ സ്വഭാവവും, സഭാ നടപടികളിലെ ഉന്നതമായ നിലവാരവും കേരള നിയമസഭയെ ശ്രദ്ധേയമാക്കുന്നു. ജനകീയ മുന്നേറ്റങ്ങൾക്കും ജനാധിപത്യത്തിന്റെ വ്യാപനത്തിനും വളർച്ചയ്ക്കും ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ പ്രബുദ്ധകേരളം നൽകിയ സംഭാവനകൾ ഒന്നുകൊണ്ടു മാത്രം കേരളം ലോകചരിത്രത്തിൽ നിസ്തുലസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു എന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കട്ടെ. ഇന്ത്യയിലെ ഇതര നിയമസഭകൾക്കും ഇന്ത്യൻ പാലർലമെന്റിനു തന്നെയും മാതൃകയായി മാറുവാൻ കഴിഞ്ഞിട്ടുള്ള കേരള നിയമസഭ അതിന്റെ പരിമിതികളും പോരായ്മകളും കണ്ടെത്തുവാനും ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കൊത്ത് ഉയർന്ന് പ്രവർത്തിക്കുവാൻ കഴിയുന്നുണ്ടോ എന്നു സ്വയം വിമർശനപരമായി പരിശോധിക്കുവാനും തയ്യാറാകേണ്ട സന്ദർഭം കൂടിയാണിത്. അടുത്ത നൂറ്റാണ്ടിന്റെയും അടുത്ത സഹസ്രാബ്ദത്തിന്റെയും വെല്ലുവിളികൾ ഏറ്റെടുക്കുവാൻ കേരള നിയമസഭ തയ്യാറാകണം. കൈവരിച്ച നേട്ടങ്ങൾ അഭംഗുരം നിലനിറുത്തുകയാണ് ഭാവികേരളം നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. കേരളത്തിന്റെ തനിമയും അതിന്റെ ഭാഷയും സംസ്കാരവും പോറലേൽക്കാതെ നിലനിറുത്തണം. സമൃദ്ധിമായും സമത്വവും സാഹോദര്യവും പുലരുന്ന ഭാവി കേരളമാണ് നമ്മുടെ സ്വപ്നം. സമഭാവനയിലും സ്നേഹത്തിലും കഴിയുന്ന ഒരു സമൂഹമായിരിക്കും അത്. ഈ ആശയാടിത്തറയിൽ നിന്നുകൊണ്ടു വേണം ഭാവികേരളത്തെക്കുറിച്ച് ചർച്ചചെയ്യുവാൻ. ഇതിനാകട്ടെ, നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും ഘടനാപരമായ മാറ്റം ഉണ്ടാകണം. പഴയ ശൈലികളും സമീപനങ്ങളും ഉപേക്ഷിക്കണം. കേരള സമൂഹത്തിന്റെ സമഗ്രമായ പുനഃസംഘടന ലക്ഷ്യമാക്കി സമൂലമായ അഴിച്ചുപണികൾക്ക് കേരള നിയമസഭ നേതൃത്വം നൽകേണ്ടതുണ്ട്. ആദ്യമായി, ജനാധിപത്യം ഒരു സിദ്ധാന്തമോ, ഭരണവ്യവസ്ഥയോ എന്നതിനപ്പുറം സമൂഹത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒരു ജീവിതശൈലിയായി മാറേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും വിവേചനങ്ങളില്ലാതെ, അവസരങ്ങൾ പ്രദാനം ചെയ്യപ്പെടണം. സാമൂഹ്യവികാസത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിറുത്തപ്പെടുന്ന ഒരു വലിയ വിഭാഗമുണ്ടാകും. അവരെക്കൂടി മുഖ്യധാരയിൽ കൊണ്ടുവരികയാണ് ജനാധിപത്യത്തിന്റെ പൂർണ്ണത. നിയമനിർമ്മാണങ്ങൾക്ക് ഏറെ പ്രസക്തിയുള്ള ഒരു രംഗമാണിത്. വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയി

LIBRARY ARCHIVES Kerala Legislative Assembly

ലേയ്ക്ക് കൊണ്ടുവരാനുള്ള മനഃപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകണം. തദ്ദേശ സ്ഥാപനങ്ങളിലെ വനിതാസംവരണം ശരിയായ കാൽവയ്പ്പായിരുന്നു. നിയമ സഭയിലും സ്ത്രീപ്രാതിനിധ്യം സംവരണംമൂലം ഉറപ്പുവരുത്തണം. തെരഞ്ഞെ ടുക്കപ്പെട്ട സമിതികളിലെ സ്ത്രീസംവരണം കൊണ്ടുമാത്രമായില്ല, എല്ലാ തൊഴിൽമേഖലകളിലും സ്ത്രീസംവരണം ഉറപ്പാക്കപ്പെടണം. സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വം സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അനുപേക്ഷണീയ ഘടകമാണ്. വൃദ്ധജനങ്ങളുടെ സംരക്ഷണമാണ് മറ്റൊരു പ്രധാന മേഖല. കുടുംബബന്ധങ്ങളിലെ ശൈഥില്യംമൂലം ഒറ്റപ്പെട്ടവരുണ്ട്. ആനുപാതികമായി, ഏറ്റവും കൂടുതൽ വൃദ്ധരുള്ള സംസ്ഥാനമാണ് കേരളം. അവശ വിഭാഗ ങ്ങൾക്കുള്ള ക്ഷേമനടപടികളുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരള സംസ്ഥാനത്തിന് ഇക്കാര്യത്തിൽ മാതൃക കാണിക്കാൻ കഴിയും. ഉപ ഭോഗ സംസ്ഥാനമായ കേരളത്തെ ഉൽപ്പാദന സംസ്ഥാനമായി മാറ്റുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കാർഷികമേ ഖലയെ ശക്തമാക്കുന്നതിനുള്ള വ്യക്തമായ തീരുമാനങ്ങളും ശ്രദ്ധാപൂർവ്വ മായ നടപടകളും ഉണ്ടാകണം. വിദ്യാഭ്യാസം സമൂലമായി പൊളിച്ചെഴുതണം. ഉൽപ്പാദന വർദ്ധനയോ സാമൂഹ്യ പുരോഗതിയോ സാംസ്കാരിക വളർച്ചയോ ലക്ഷ്യമാക്കി ആവിഷ്കരിക്കപ്പെട്ടതല്ല നമ്മുടെ വിദ്യാഭ്യാസം. മാറി വരുന്ന സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ വിദ്യാഭ്യാസത്തിനു കഴിയണം. വിദ്യാഭ്യാസ പരിഷ്ക്കാരം കൂടാതെ കേരളത്തിന്റെ വികസനം നേടാമെന്ന് കരുതുന്നത് ശരിയല്ല. സമൂഹത്തിന്റെ എല്ലാ മേഖലകളും മൂല്യത്തകർച്ച നേരിടുന്നുണ്ട്. ഇത് തുടരാൻ അനുവദിച്ചാൽ, കൂടുതൽ ജീർണ്ണതയിലേ യ്ക്കാവും പോവുക. വിദേശമാദ്ധ്യമങ്ങളുടെ കടന്നുകയറ്റം നമ്മുടെ സാംസ്കാരികതലങ്ങളെയാകെ മാറ്റിമറിച്ചിരിക്കുന്നു. നഷ്ടമായിക്കൊണ്ടിരി ക്കുന്ന മൂല്യബോധവും സാംസ്കാരിക തനിമയും തിരിച്ചുകൊണ്ടുവരാൻ കഠിനമായ ശ്രമങ്ങളാവശ്യമാണ്. കേരള നിയമസഭ ശ്രദ്ധാപൂർവ്വം ഏറ്റെടു ക്കേണ്ട പ്രധാന ചുമതലകളിൽ ഒന്നാണിത്. പരിസ്ഥിതി പ്രശ്നങ്ങൾ ആധു നിക സമൂഹം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഈ പ്രശ്നങ്ങൾ കൂടുതൽ ആഴവും പരപ്പും ആർജ്ജിക്കാനാണ് സാധ്യത. കർശന മായ നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽചൂണ്ടു ന്നത്. നിയമസഭ കൈകാര്യം ചെയ്യേണ്ട പ്രശ്നങ്ങൾ ഇനിയുമുണ്ട്. പുതിയ പ്രശ്നങ്ങൾ, ഒരുപക്ഷെ ഇതുവരെ കേൾക്കാത്തവ, ഉയർന്നു വന്നേക്കാം. അവയെല്ലാം സംബന്ധിച്ച് പുതിയ നിയമനിർമ്മാണങ്ങൾ നടത്തേണ്ടിവരും. കേരളത്തിന്റെ ഭാവിഘടനയും വികസനവും ത്വരിതപ്പെടുത്തുന്നതിന് കേരള നിയമസഭയ്ക്ക് നിർണ്ണായകമായ പങ്ക് നിർവഹിക്കാനുണ്ടെന്ന് വ്യക്തം. ആ ചുമതലകൾ വിജയപൂർവ്വം ഏറ്റെടുക്കാനുള്ള കഴിവും രാഷ്ട്രീയമായ പാക തയും കേരള നിയമസഭയും കേരള ജനതയും ആർജ്ജിച്ചിട്ടുണ്ട് എന്നത് ഒരു നൂറ്റാണ്ടിനും ഒരു സഹസ്രാബ്ദത്തിനും വിട പറയുമ്പോൾ നമുക്ക് ആശ്വാസം പകരുന്നു. സമൃദ്ധിയും സമത്വവും സാഹോദര്യവും നിറഞ്ഞ ഒരു പുതിയ കേരളത്തിന്റെ സൃഷ്ടിയ്ക്കായി കൈകോർക്കണമെന്ന് ഈ സഹസ്രാബ്ദ സന്ദേശത്തിലൂടെ ആഹ്വാനം ചെയ്യുന്നു. എല്ലാ നിയമസഭാ സാമാജികർക്കും മാധ്യമ സുഹൃത്തുകൾക്കും ഉദ്യോഗസ്ഥ സുഹൃത്തുക്കൾക്കും നിയമസഭ യുടെ ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു.

LIBRARY ARCHIVES Kerala Legislative Assembly